പോലീസ് സ്റ്റേഷനുകളുടെ അതിർത്തി പുനർനിർണ്ണയം

61 (3013) ശ്രീ. യു. സി. രാമൻ :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പോലീസ് സ്റ്റേഷൻ അതിർത്തി പുനർനിർണ്ണയിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനുവേണ്ടി എടുത്ത നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) പോലീസ് ഡയറക്ടർ ജനറലിൽ നിന്നും നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 1-10-2002-ലെ ജി.ഒ.(ആർ.റ്റി.)നം.1954/02/ആഭ്യ. പ്രകാരം പേരാവൂർ, കണ്ണവം, കൂത്തുപറമ്പ് എന്നീ പോലീസ് സ്റ്റേഷനുകളുടെ അധികാര പരിധി നിർണ്ണയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

അങ്കമാലി പോലീസ് സർക്കിൾ സ്റ്റേഷൻ പുനർവിഭജനം

62 (3014) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സർക്കിൾ സ്റ്റേഷൻ പുനർവിഭജനത്തിന്റെ ഭാഗമായി കാലടി പോലീസ് സ്റ്റേഷൻ അങ്കമാലി പോലീസ് സർക്കിൾ സ്റ്റേഷനിൽ നിന്നും ചെങ്ങമനാട് പോലീസ് സർക്കിൾ സ്റ്റേഷന്റെ പരിധിയിലാക്കിയ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഏഴ് വലിയ വില്ലേജ് അതിർത്തികൾ ചേർന്ന കാലടി സ്റ്റേഷൻ ചെങ്ങമനാട് സർക്കിൾ സ്റ്റേഷനോട് അറ്റാച്ച് ചെയ്തത് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത പരാതിയിൽ ഗവൺമെന്റ് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) കാലടി സ്റ്റേഷൻ അങ്കമാലി സ്റ്റേഷനും ഒരു വില്ലേജ് മാത്രമുള്ള അയ്യാംപുഴ സ്റ്റേഷനും ചേർന്നുള്ള അങ്കമാലി സർക്കിൾ സ്റ്റേഷനോട് ചേർത്ത് നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly